# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3203 — 20.12.2012-ലെ മറുപടിക്ക്

## ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസിന് കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം സംഭാവനകൾ ചെയ്യാൻ സാധിച്ചു ; | (എ). പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട പുതിയ സാങ്കേതിക വിദ്യകൾ, നൂതന സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണം, ജനപങ്കാളിത്തത്തോടുകൂടി അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിനുള്ള പദ്ധതികൾ, പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, ഇൻഫ്രാസ്ട്രക്ച്ചർ ആക്ട് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, പ്രീ ഫാബ്രിക്കേഷൻ ടെക്നോളജിയുടെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ട്രാൻസ്ഫർ ഓഫ് ഡെവലപ്മെന്റ് റൈറ്റ് (TDR) നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസിന്റെ സംഭാവനകളാണ്. |

| | | | |
|---|---|---|---|
| (ബി). | റോഡുകളെ കാലാവസ്ഥയ്ക്ക് അനുയോജ്യമാക്കുന്നതിനും അന്താരാഷ്ട്ര നിലവാരമുള്ള ഗുണമേന്മയിലേക്കെത്തിക്കുന്നതിനും നിർദ്ദേശ ങ്ങൾ ഉയർന്നു വന്നിട്ടുണ്ടോ ; | (ബി). | അന്താരാഷ്ട്ര നിലവാരവും, ഗുണമേൻമയുളളതും, കാലാവസ്ഥയ്ക്ക് അനുയോജ്യവുമായ റോഡുകൾ നിർമ്മിക്കുന്നതിനുളള സാങ്കേതിക വിദ്യകൾ, ഇപ്പോൾ തന്നെ ലഭ്യമാണ്. എങ്കിലും റോഡിൻെറ സംരക്ഷണത്തിനും ഈടിനും കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രവൃത്തികളുടെ ഗുണമേന്മ വിലയിരുത്തുന്നതിനും നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | പ്രവൃത്തികളുടെ ഗുണമേൻമ വിലയിരുത്തുന്നതിന് നിലവിൽ സംവിധാനമുണ്ട്. സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനുളള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ